ഹോമിയോപ്പതി കോളേജ്

*൪൪. (൯) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

ഇവിടത്തെ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു ഹോമിയോപ്പതി കോളേജ് ആരംഭിക്കുന്നതിനു ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): തൽക്കാലം ഇല്ല.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ സംസ്ഥാനത്തു് ആകെ എത്ര ഹോമിയോപ്പതി ഡാക്ടർമാർ ഉണ്ടെന്നു അറിയാമോ?

ശ്രീ. സി. കേശവൻ: നോട്ടീസു വേണം.

ശ്രീ. കെ. രാമചന്ദ്രൻ: മെഡിക്കൽ കോളേജിൽ ഹോമിയോപ്പതിക്കു വേണ്ടി എത്ര സീറ്റു നൽകിയിട്ടുണ്ടു്?

Sri. C. Kesavan: I claim notice.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മെഡിക്കൽ കോളേജിനോടനുബന്ധിച്ചു് ഒരു ഹോമിയോപ്പതി കോളേജ് തുടങ്ങുവാൻ ഗവൺമെണ്ടു് ആലോചിക്കുമോ?

ശ്രീ. സി. കേശവൻ: ആലോചിക്കുവാൻ വിചാരിച്ചിട്ടില്ല.

അരിവില

*൪൫. (൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും നിലമുടമസ്ഥന്മാരിൽ നിന്നു ഗവൺമെൻറു് എടുക്കുന്ന ഓരോ പറ നെല്ലിനു കൊടുത്തുവരുന്ന വില എത്ര;

(ബി) ഗവൺമെൻറു് എടുക്കുന്ന നെല്ലു പറയ്ക്കു് എത്ര വിലവെച്ചു് വിൽക്കുന്നു;

(സി) ഇപ്രകാരം നെല്ലു വാങ്ങി വില്പനചെയ്യുന്നതുമൂലം ഗവൺമെൻറിനുള്ള ആദായം എത്ര?

ധനകാര്യവും, ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) തിരുവിതാംകൂറിൽ ഒരു പറയ്ക്കു് ഒരു രൂപാ പതിമൂന്നണയും കൊച്ചിയിൽ പറയ്ക്കു് ഒരു രൂപാ പന്ത്രണ്ടണയും വില കൊടുത്തുവരുന്നു.

(ബി) തിരുവിതാംകൂറിൽ ഒരു പറയ്ക്കു് രണ്ടു രൂപാ എട്ടണ വച്ചു് വിറ്റവരുന്നു. കൊച്ചിയിൽ മിക്കവാറും നെല്ലുകുത്തി അരിയായിട്ടാണു് വിറ്റവരുന്നതു്. നെല്ലായിട്ടു കണക്കാക്കിയാൽ ഒരു പറയ്ക്കു് രണ്ടു രൂപാ നാലണ മുതൽ പൈസ വില്പന വില വരും.

(സി) തിരുവിതാംകൂറിൽ ഒരു പറയ്ക്കു് ഏഴണ അഞ്ചു പൈസയും കൊച്ചിയിൽ ഒരു പറയ്ക്കു് രണ്ടണ ഒൻപതു പൈസയും വീതം ആദായം കിട്ടുന്നുണ്ടു്.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഒരു പറ നെല്ലിനു തിരുവിതാംകൂറിലും കൊച്ചിയിലും വ്യത്യസ്ത വില വരുവാൻ കാരണമെന്താണു്?

LIBRARY ARCHIVES Kerala Legislative Assembly